പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പുനലൂർ മണ്ഡലത്തിലെ കോമളം-അഗസ്തിക്കോട്-വടമൺ-ഏറം പി.ഡബ്ല്യു.ഡി. റോഡിന്റെ ഏറം ഭാഗത്ത് സ്കൂളിനടുത്തുള്ള കലുങ്ക് പുനർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(33) സി. ആർ.എഫ്. റോഡുകൾ

ശ്രീ. വർക്കല കഹാർ: സർ, പാപനാശവും ശിവഗിരിയുമായി ബന്ധിപ്പിക്കുന്ന പാരിപ്പള്ളി-വർക്കല റോഡ് നാഷണൽ ഹൈവേയിലുള്ള പ്രധാനപ്പെട്ട റോഡാണ്. മാത്രമല്ല, തീരദേശവുമായി ബന്ധപ്പെടുത്തുന്ന റോഡും കൂടിയാണിത്. 10 വർഷത്തിനുമുൻപ് സി. ആർ.എഫ്.ലെ 10 കോടി രൂപ ഉപയോഗിച്ച് ചെയ്തതാണ്. ഇന്ന് ആ റോഡ് ജീർണ്ണത ബാധിച്ചു. ഇത് പൂർണ്ണമായും പുനർനിർമ്മിക്കണമെങ്കിൽ 25 കോടി രൂപ വേണം, ഇപ്പോൾ അതിന്റെ ആവശ്യമില്ല. റീ-സർഫസിംഗ് നടത്തിയാൽ മതിയാകും. അതിന് രണ്ടോ മൂന്നോ കോടിരൂപ ആവശ്യമായിവരും. ഇത്തരത്തിലുള്ള സി.ആർ.എഫ്. റോഡുകൾ അടിയന്തരമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, സെൻട്രൽ റോഡ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് റീ-സർഫസിംഗ് നടത്തുന്നതിനുള്ള പ്രൊവിഷനില്ല. പക്ഷേ, അദ്ദേഹം സൂചിപ്പിച്ചതുപോലെ ആ റോഡ് തകർന്നുപോയാൽ വീണ്ടും നിർമ്മിക്കാൻ കൂടുതൽ തുക ആവശ്യമുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് തന്നെ റീ-സർഫസിംഗ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(34) കൊല്ലാട്ട്- ഇട്ടി അച്ചുതൻ വൈദ്യർക്ക് സ്മാരകം

ശ്രീ. പി. തിലോത്തമൻ: സർ, ലോകപ്രശസ്ത ആയുർവേദ പണ്ഡിതനും ഹോർത്തൂസ് മലബാറിക്കസ് എന്ന വിഖ്യാതഗ്രന്ഥരചനയിൽ മുഖ്യപങ്കുവഹിച്ച ഇട്ടി അച്ചുതൻ വൈദ്യരുടെ ജന്മഗൃഹമായ കടക്കരപ്പള്ളിയിലെ കര്യാലയിലെ ഔഷധ സസ്യക്കാവും സംരക്ഷിത സ്മാരകമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് നാളേറെയായി. ഇതുവരെ ആ സ്മാരക നിർമ്മാണത്തിനുള്ള യാതൊരു നടപടിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരിയായിട്ടുള്ള ഉമയമ്മ എന്ന സ്ത്രീ ഇന്ന് വലിയ സാമ്പത്തിക ബാധ്യതയിൽ ബാങ്കിന്റെ ജപ്തി നടപടി നേരിടുന്ന അവസ്ഥയിലാണ്. ആ കര്യാലയും ഔഷധസസ്യക്കാവും ഉൾപ്പെടെ സംരക്ഷിതമേഖലയായി പ്രഖ്യാപിച്ചുവെങ്കിലും അത് സർക്കാർ ഏറ്റെടുത്ത് അവിടെ സ്മാരകം നിർമ്മിക്കാനുള്ള നടപടികൾ ഇനിയും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly